# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 7500** | **14.07.2014 -ൽ മറുപടി നൽകേണ്ടത്**

## ജനന രജിസ്റ്ററിലെ തിരുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ഡോ. എം. കെ. മുനീർ**<br>**പഞ്ചായത്തും സാമൂഹ്യനീതിയും**<br>**വകുപ്പു മന്ത്രി** |
| (എ) ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലവും മാതാപിതാക്കളുടെ പേരും രേഖപ്പെടുത്തി നൽകാത്തതു മൂലം വിദേശ ജോലിക്കായി പോകുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലവും മാതാപിതാക്കളുടെ പേരും രേഖപ്പെടുത്തുന്നതിന് വ്യവസ്ഥയുണ്ട്. രേഖപ്പെടുത്തലുകൾ വരുത്താത്തവർക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിച്ച് വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്. ഇത് മൂലം വിദേശ ജോലിക്കായി പോകുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഇതു പരിഹരിക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കുമോ ; | (ബി) ജനന സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താൻ വിട്ടുപോയ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഇതിലേയ്ക്കായി ഉൾപ്പെടുത്തേണ്ട വിവരങ്ങളുടെ രേഖകൾ സഹിതം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന രജിസ്ട്രാർ മുമ്പാകെ അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (സി) വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ജനന രജിസ്റ്ററിൽ തിരുത്തൽ വരുത്തുന്നതിന് അനുമതി നല്കാൻ ഉത്തരവ് പുറപ്പെടുവിക്കുമോ ? | (സി) 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിലെ സെക്ഷൻ 15, 1999 ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 എന്നിവ പ്രകാരം വസ്തുതാപരമായ ഏതൊരു തെറ്റുകളും അവ തെളിയിക്കുന്ന രേഖകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനന-മരണ രജിസ്ട്രാർക്ക് തന്നെ തിരുത്താവുന്നതാണ്. ചീഫ് രജിസ്ട്രാറുടെ 08-12-2010-ലെ ബി1-20741/09 നമ്പർ സർക്കുലറിൽ ഖണ്ഡിക 7.11 ൽ ഇക്കാര്യം വിശദമാക്കിയിട്ടുണ്ട്. |

Vajeem

**സെക്ഷൻ ഓഫീസർ**